കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് ഫ്ളാറ്റുകൾ നിർമ്മിച്ചതിലെ സാമ്പത്തിക നഷ്ടം

31 (1970) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് കാസർകോഡ് ജില്ലയിൽ മുട്ടത്തൊടി ഭവന നിർമ്മാണ പദ്ധതിയിൽ അഭിപ്രായ സർവേയിലെ നിഗമനങ്ങൾ മാനിക്കാതെ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് ഫ്ളാറ്റുകൾ നിർമ്മിച്ചത് വൻ സാമ്പത്തിക നഷ്ടം ബോർഡിനുണ്ടാക്കിയിട്ടുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് ലോക്കൽഫണ്ട് ഓഡിറ്റ് വിഭാഗം സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് ഓഡിറ്റ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി നൽകാമോ ;

(സി) ഇതു സംബന്ധിച്ച് സമഗ്രമായ അന്വേഷണം സർക്കാർ തലത്തിൽ നടത്തണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് സർക്കാരിനോട് ശുപാർശ ചെയ്തിരുന്നോ ; ശുപാർശ അനുസരിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ അറിയിക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി ആരംഭിച്ച് എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരുന്നതെന്നറിയിക്കുമോ ;

(ഇ) നിശ്ചിത സമയത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാൻ കഴിഞ്ഞോ ; ഇല്ലെങ്കിൽ എന്തു കാലതാമസം നേരിട്ടു ഇതുമൂലം ഭവന നിർമ്മാണബാർഡിന് എന്തു തുക അടങ്കൽ തുകയേക്കാൾ അധികം ചെലവായി എന്നറിയിക്കാമോ ;

(എഫ്) പ്രസ്തുത പദ്ധതിക്കായി എത്ര ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട് ; ഏറ്റെടുത്ത ഭൂമി ഈ പദ്ധതിക്കായി മാത്രം വിനിയോഗിച്ചു കഴിഞ്ഞോ ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ജി) ഫ്ളാറ്റ് നിർമ്മിക്കുന്നതിന് പുഴ മണൽ ഉപയോഗിക്കണമെന്നായിരുന്നോ കരാരിലെ വ്യവസ്ഥ ; ഫ്ളാറ്റുനിർമ്മാണത്തിന് കടപ്പുറത്തെ മണൽ ആയിരുന്നോ ഉപയോഗിച്ചത് എന്ന് പരിശോധിച്ചിട്ടുണ്ടോ ;

(എച്ച്) കടപ്പുറം മണൽ ഉപയോഗിക്കുന്നതിനാൽ പുഴ മണലിന്റെ നിരക്ക് കരാറുകാരന് നൽകേണ്ടതില്ല എന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയച്ചിരുന്നോ ; കരാറുകാരന് പുഴമണലിന്റെ നിരക്കിലാണോ കരാർ സെറ്റിൽ ചെയ്തത്. ഇതുമൂലം എന്ത് അധിക തുക നൽകേണ്ടി വന്നു ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഐ) അധിക തുക കരാറുകാരന് അനർഹമായ രീതിയിൽ നൽകിയതിന് ഉത്തരവാദികളായവരിൽ നിന്നും തിരികെ പിടിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിയ്ക്കുമോ ;

(ജെ) നിലവിൽ എത്ര ഫ്ളാറ്റുകൾ ഒഴിഞ്ഞു കിടപ്പുണ്ടെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഓഡിറ്റ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ പ്രസക്തഭാഗം അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(സി) ഇതു സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ഡി) മുട്ടത്തൊടി ഭവന നിർമ്മാണ ഫ്ളാറ്റ് പദ്ധതി 1-9-1989-ന് ആരംഭിച്ച് ഒന്നരവർഷത്തിനുശേഷം 28-2-1991-ൽ പൂർത്തിയാക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്.

(ഇ) ഇല്ല. 03-05-1990-ൽ മാത്രമാണ് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞത്. 15-2-1992-ൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി ഭവന നിർമ്മാണ ബോർഡിന് 34.75 ലക്ഷം രൂപ അധിക ചെലവുണ്ടായതായി ഓഡിറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ വർദ്ധനവ് നിർമ്മാണ ജോലികൾ പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം കൊണ്ടും ചിലയിനങ്ങൾ ആദ്യത്തെ എസ്റ്റിമേറ്റിനേക്കാൾ കൂടുതൽ അളവിൽ വേണ്ടിവന്നതുകൊണ്ടുമാണ് ഉണ്ടായത്.

(എഫ്) മുട്ടത്തൊടി ഭവന പദ്ധതിക്കായി 2.52 ഏക്കർ ഭൂമിക്ക് വില നൽകിയെങ്കിലും 8 സെന്റ് കുറച്ച് 2.44 ഏക്കർ സ്ഥലം മാത്രമേ ബോർഡിന് കൈവശം ലഭിച്ചിട്ടുള്ളൂ എന്ന് ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്നാൽ കുറവുവന്ന വിസ്തീർണ്ണം ഭൂമി അളക്കുമ്പോൾ വരാവുന്ന അനുവദിക്കപ്പെട്ടിട്ടുള്ള ന്യൂനതാ പരിധിക്കുള്ളിലാണെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി ഏറ്റെടുത്ത ഭൂമി മുഴുവനും പദ്ധതിക്കായി വിനിയോഗിച്ചിട്ടുണ്ട്.

(ജി & എച്ച്) കരാർ പ്രകാരം പുഴ മണലാണ് നിശ്ചയിച്ചിരുന്നത്. ഓഡിറ്റ് റിപ്പോർട്ടിൽ കടപ്പുറം മണൽ ഉപയോഗിച്ചതായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച ഒരന്വേഷണം സ്റ്റേറ്റ് വിജിലൻസ് ഡിപ്പാർട്ടുമെന്റ് നടത്തുന്നുണ്ട്. ഭവന നിർമ്മാണ ബോർഡിന്റെ കാസർകോഡ് ഡിവിഷൻ ഓഫീസിലെ മുട്ടത്തൊടി ഭവന നിർമ്മാണ പദ്ധതി സംബന്ധിച്ച ഫയൽ വിജിലൻസ് വകുപ്പിന്റെ കൈവശമായതിനാൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

(ഐ) വിജിലൻസ് അന്വേഷണം പൂർത്തിയായാൽ മാത്രമേ മേൽ നടപടികൾ സ്വീകരിക്കാൻ കഴിയൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ജെ) മുട്ടത്തൊടി ഭവന പദ്ധതിയിൽ ആകെ നിർമ്മിച്ച 114 ഫ്ളാറ്റുകളിൽ 4 ഫ്ളാറ്റുകൾ മാത്രമേ അലോട്ട് ചെയ്യാൻ ബാക്കിയുള്ളൂ.

ലോകബാങ്ക് വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള തുക സമാഹരിക്കുന്നതിന് നടപടി

32 (1971) ഡോ. തോമസ് ഐസക് :
ശ്രീ. പി. സി. ജോർജ് :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് വികസനത്തിനായുള്ള ലോകബാങ്ക് വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള തുക സമാഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) ഈ റോഡുകളിൽ സെസ് ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) റോഡ് വികസനത്തിനായുള്ള ലോകബാങ്ക് വായ്പ അഞ്ച് വർഷത്തെ മോറട്ടോറിയത്തിനുശേഷം 15 വർഷംകൊണ്ടാണ് തിരിച്ചടയ്ക്കേണ്ടത്. തിരിച്ചടവിന്റെ വർഷങ്ങളിൽ സംസ്ഥാന ബഡ്ജറ്റിൽ തിരിച്ചടവിനുള്ള തുക വകയിരുത്തുന്നതാണ്.

(ബി) സെസ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല.

മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കാൻ നടപടി

33 (1972) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരിയിൽ മിക്ക റോഡുകളിലും ജംഗ്ഷനുകളിലും ആവശ്യമായ മുന്നറിയിപ്പുബോർഡുകൾ സ്ഥാപിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് റോഡപകടങ്ങൾ വർദ്ധിക്കുന്നതിന് കാരണമാണെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വാഹന തിരക്കേറിയ തലസ്ഥാന നഗരിയിൽ പല സ്ഥലത്തും സീബ്രാ ലൈനുകൾ മാഞ്ഞുതുടങ്ങിയകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ബംപുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലത്ത് മുന്നറിയിപ്പ് ബോർഡുകൾ വയ്ക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ ;

(ഇ) എന്നാൽ പലസ്ഥലത്തും ഇത്തരം മുന്നറിയിപ്പ് ബോർഡുകൾ വയ്ക്കാത്തതുമൂലം അപകടങ്ങൾ സംഭവിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly